# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3507** **22/08/2017-ൽ മറുപടിയ്ക്ക്**

## അഡോളസന്റ് ആൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം

| ചോദ്യം<br>ശ്രീ. എ..എൻ ഷംസീർ | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) തലശ്ശേരിയിൽ അഡോളസന്റ് ആൺകുട്ടികൾക്ക് ആഫ്റ്റർ കെയർ ഹോമും അംഗവൈകല്യമുള്ള കുട്ടികൾക്ക് കെയർ ഹോമും പണിയുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) തലശ്ശേരിയിൽ അഡോളസന്റ് ആൺകുട്ടികൾക്കായുള്ള ആഫ്റ്റർ കെയർ ഹോമിന്റെ ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഷെഡ്യൂളിൽ ഉൾപ്പെടാത്തതും സ്ഥാപന സൂപ്രണ്ട് വളരെ അത്യാവശ്യമുള്ളതാണ് എന്ന് ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയും ഉടൻ പൂർത്തിയാക്കുന്നതിന് സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തലശ്ശേരിയിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ അംഗവൈകല്യമുള്ള കുട്ടികൾക്ക് കെയർ ഹോം പണിയുന്നതിനുള്ള പദ്ധതി നിലവിലില്ല. |
| (ബി) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നാളിതുവരെയായി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) തലശ്ശേരിയിൽ അഡോളസന്റ് ആൺകുട്ടികൾക്കായുള്ള ആഫ്റ്റർ കെയർ ഹോമിന്റെ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് 115 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രവൃത്തി സിഡ്കോയെ ഏൽപ്പിക്കുകയും ഉണ്ടായി. ഒന്നും രണ്ടും ഗഡുക്കളായി ഭരണാനുമതി തുകയുടെ 75%ആയ 1,03,50,000/- രൂപ സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. സിഡ്കോ പണി ആരംഭിച്ച് 50% പൂർത്തിയായപ്പോഴേയ്ക്കും പ്രവൃത്തികൾ നിർത്തി വയ്ക്കുകയുണ്ടായി. തുടർന്ന് ഈ വർഷം ആദ്യം സിഡ്കോ അധികൃതരുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

82